# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3141

03/04/2013 - ലെ മറുപടിയ്ക്ക്

## കാർഷികാദായ നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് രൂപപ്പെട്ട കടുത്ത വരൾച്ചയെ തുടർന്ന് എത്ര കർഷകർക്ക് എത്ര തുകയുടെ കാർഷികാദായ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് രൂപപ്പെട്ട കടുത്ത വരൾച്ചയെ തുടർന്ന് 2,80,380 കർഷകർക്ക് 5810.68 കോടി രൂപയുടെ കാർഷികാദായ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. |
| (ബി) കാർഷികാദായ നഷ്ടം സംഭവിച്ച എത്ര കർഷകർക്ക് എത്ര തുക വീതം ഇതിനകം ധനസഹായം നൽകിയിട്ടു ണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ? | (ബി) 2012 ഖാരിഫ് സീസണിലെ വരൾച്ച മൂലം കാർഷികാദായ നഷ്ടം സംഭവിച്ച 3723 കർഷകർക്ക് 43,65,454/- രൂപ ഇതിനകം ധനസഹായം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| ജില്ല | തുക | കർഷകർ |
|---|---|---|
| ഇടുക്കി | 28,65,454 | 3489 |
| തിരുവനന്തപുരം | 15,00,000 | 234 |
| **ആകെ** | **43,65,454** | **3723** |

മറ്റ് ജില്ലകളിലെ കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ